**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5389** **03-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ. ടി.സിദ്ദിഖ്, ശ്രീ. സജീവ് ജോസഫ്, ഡോ. മാത്യു കുഴൽനാടൻ** | | **Shri. Pinarayi Vijayan (മുഖ്യമന്ത്രി)** | |
| (എ) | ഭരണഭാഷ മാതൃഭാഷയാക്കുന്നതിന്റെ ഭാഗമായി ഫയലുകൾ മലയാളത്തിൽ പരിശോധിക്കണമെന്ന നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാ ണെന്ന് 13.01.2015 – ൽ സ.ഉ (അച്ചടി) നമ്പർ. 03/2015/ഉഭപവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തേണ്ട സാഹചര്യങ്ങളിലും കുറിപ്പ ഫയൽ മലയാളത്തിലായിരിക്കണമെന്ന്, 13/01/2015 ലെ സ.ഉ (അച്ചടിച്ചത്) നമ്പർ.2/2015/ഉഭപവ ഉത്തരവ് വ്യക്തമാക്കുന്നു. പ്രസ്തുത ഉത്തരവുകളും സർക്കുലറുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലുള്ള പരിശോധനാവിഭാഗങ്ങളുടെ പരിശോധന വിഷയങ്ങളിൽ ഭാഷാമാറ്റപുരോഗതി എന്ന ഇനം കൂടി ഉൾപ്പെടുത്തുന്നതിനും പി & എ ആർ ഡി നടത്തുന്ന പ്രവൃത്തിപഠനത്തിന്റെ ഭാഗമായുള്ള ഓഫീസ് പരിശോധനയിൽ ഭരണഭാഷ ഉപയോഗിക്കുന്നതിന്റെ പുരോഗതികൂടി പരിശോധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് | (ബി) | കോവിഡ് നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് |

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ച ഉത്തരവുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചുവെന്ന് വ്യക്തമാക്കാമോ; | | 16 ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു സംസ്ഥാന ങ്ങൾക്കും കേന്ദ്രസർക്കാരിനും കോവിഡ് സംബന്ധമായ ഉത്തരവുകൾ ആവശ്യമായിവരും എന്നുള്ളതിനാൽ പ്രസ്തുത ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചതോടൊപ്പം അതിന്റെ മലയാള പരിഭാഷ കൂടി പുറപ്പെടുവിച്ചിട്ടുണ്ട് . |
| (സി) | സാധാരണ ജനങ്ങൾക്ക് ആവശ്യമായ സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഭരണത്തിന്റെ എല്ലാതലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഔദ്യോഗികഭാഷ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന നിയമസഭാസമിതിയുടെ നിർദ്ദേശത്തെ തുടർന്ന് ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ കർശനമായി പാലിക്കാത്ത വകുപ്പുതലവൻമാർ, ജില്ലാകളക്ടർ മാർ, സെക്രട്ടറിമാർ എന്നിവരെ സംബന്ധിച്ച വിവരം മേൽ നടപടികൾക്കായി ചീഫ് സെക്രട്ടറിക്ക് നൽകുന്നതാണെന്ന് 04/02/2006 ലെ ജി.ഒ (ആർ.ടി) നമ്പർ 21/2006/ പി.&എ ആർ ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും നിയമപരമായി ഇംഗ്ലീഷും, ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളത്തിലായിരിക്കണമെന്ന്, വകുപ്പുതലവൻമാർ ഉറപ്പു വരുത്തേണ്ടതാണെന്നും ഓരോ വകുപ്പിന്റെയും ഭാഷാമാറ്റ നടപടികൾ വകുപ്പുസെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള വകുപ്പുതല സമിതി മൂന്ന് മാസത്തിലൊരിക്കൽ അവലോകനം ചെയ്യേണ്ടതാണെന്നും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് 26/04/2017 ലെ ജി.ഒ (പി).6/2017/പി& എ ആർ ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. ഭരണത്തിന്റെ എല്ലാതലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഔദ്യോഗികഭാഷ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന നിയമസഭാസമിതിയുടെ നിർദ്ദേശത്തെ തുടർന്ന് ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ കർശനമായി പാലിക്കാത്ത വകുപ്പുതലവൻമാർ, ജില്ലാകളക്ടർ മാർ, സെക്രട്ടറിമാർ എന്നിവരെ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിവരം മേൽ നടപടികൾക്കായി ചീഫ് സെക്രട്ടറിക്ക് നൽകുന്നതാണെന്ന് 04/02/2006 ലെ ജി.ഒ (ആർ.ടി) നമ്പർ 21/2006/ പി.&എ ആർ ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും നിയമപരമായി ഇംഗ്ലീഷും, ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളത്തിലായിരിക്കണമെന്ന്, വകുപ്പുതലവൻമാർ ഉറപ്പ വരുത്തേണ്ടതാണെന്നും ഓരോ വകുപ്പിന്റെയും ഭാഷാമാറ്റ നടപടികൾ വകുപ്പുസെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള വകുപ്പുതല സമിതി മൂന്ന് മാസത്തിലൊരിക്കൽ അവലോകനം ചെയ്യേണ്ടതാണെന്നും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് 26/04/2017 ലെ ജി.ഒ (പി).6/2017/പി& എ ആർ ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ